**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **11-09-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനമെടുത്തത് എന്നാണ്; നാളിതുവരെ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; മൊബൈൽ ആപ്പ് എന്നത്തേക്ക് പ്രവർത്തനസജ്ജമാക്കുവാൻ സാധിക്കും; എന്തൊക്കെ വിവരശേഖരണം ആണ് നടത്തുന്നത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാകാതെ വന്നപ്പോൾ 2020 ലാണ് ടി തൊഴിലാളികളുടെ രജിസ്ട്രേഷനായി ഒരു മൊബൈൽ പോർട്ടൽ വികസിപ്പിക്കുന്നതിന് തീരുമാനമെടുത്തത്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. ടി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നു വരുന്നു. |
| (ബി) | അതിഥി തൊഴിലാളികളുടെ ബയോമെട്രിക് വിവരങ്ങൾ അവരുടെ ആധാർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളുമായി താരതമ്യം ചെയ്ത് ആധികാരികത ഉറപ്പാക്കുന്നതിന് മൊബൈൽ ആപ്പിൽ സംവിധാനം ഉണ്ടോ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ സംവിധാനം ഇല്ല. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ ആധാർ ഉൾപ്പെടെയുള്ള രേഖകളുമായി പരിശോധിച്ച് ഉറപ്പുവരുത്തിയാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. |
| (സി) | അതിഥി തൊഴിലാളികൾ എന്ന വ്യാജേന അയൽ രാജ്യങ്ങളിൽ നിന്നുള്ളവർ പോലും സംസ്ഥാനത്ത് എത്തിച്ചേരുന്നതായി റിപ്പോർട്ടുകൾ ഉള്ള സാഹചര്യത്തിൽ തിരിച്ചറിയൽ രേഖകൾ ഓൺലൈനായി വെരിഫിക്കേഷൻ നടത്തുവാൻ സാധിക്കുന്ന രീതിയിൽ തൊഴിലാളികളുടെ വിവരശേഖരണം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ? | (സി) | അതിഥി തൊഴിലാളി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് NIC രൂപീകരിച്ച അതിഥി പോർട്ടലിലൂടെ സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കി വരുന്നു. അതിഥി തൊഴിലാളി ക്യാമ്പുകൾ, വർക്ക് സൈറ്റുകൾ, കെട്ടിടങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് തൊഴിലാളികളുടെ വിവരങ്ങൾ നേരിട്ട് പരിശോധിച്ച് രജിസ്ട്രേഷൻ ചെയ്യുന്ന നടപടികളാണ് നിലവിൽ ചെയ്തുവരുന്നത്. പ്രസ്തുത പോർട്ടലിൽ അതിഥി തൊഴിലാളികളുടെ വെരിഫിക്കേഷൻ ഓൺലൈനായി നടത്തുവാൻ നിലവിൽ സംവിധാനമില്ല. |

സെക്ഷൻ ഓഫീസർ